# ദയാപുരം വിദ്യാഭ്യാസ-സാംസ്ക്കാരിക കേന്ദ്രം



## തുടക്കം-ദർശനം-പ്രവർത്തനരീതി

''വിദ്യാഭ്യാസത്തിലൂടെ സാമൂഹികസമത്വം, സംസ്ക്കാരത്തിലൂടെ കൂട്ടുജീവിതം'' എന്ന ദർശനവുമായി 1984 ൽ സ്ഥാപിതമായ ദയാപുരം, അനാഥ-അഗതി-സ്ത്രീ-പിന്നാക്കവിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യംവെച്ച് സന്നദ്ധസേവകർ നടത്തുന്ന കേന്ദ്രമാണ്. ആഗസ്ത് 15 ന് പ്രവർത്തനമാരംഭിച്ച ഈ കേന്ദ്രത്തിന്റെ രണ്ടു പ്രചോദനസ്രോതസ്സുകൾ ഇസ്ലാമെന്ന ആത്മീയ ദാർശനികസംഹിതയും ഇന്ത്യയെന്ന ഭരണഘടനാധിഷ്ഠിതമായ സാമൂഹികസാംസ്ക്കാരിക ദർശനവുമാകുന്നു.

## തുടക്കം

ഖത്തറുകാരനായ ഒരു പണ്ഡിതനും പ്രവാസികളായ ഏതാനും ചില മലയാളികളും തമ്മിലുള്ള ബന്ധത്തിന്റെ സദ്ഫലമായിട്ടാണ് ദയാപുരത്തിന്റെ മനസ്സൊരുങ്ങുന്നത്. ഇസ്ലാമിക പഠനത്തിന് ഖത്തറിലെത്തുകയും പഠനശേഷം ഖത്തർ പോലീസിൽ ചേരുകയും ചെയ്ത സി.ടി അബ്ദുറഹീം എന്ന ചെറുപ്പക്കാരൻ 1974 ൽ കോട്ടക്കൽ ആര്യവൈദ്യശാലയിൽ ചികിത്സയ്ക്ക് വരികയായിരുന്ന ഖത്തറിലെ മതകാര്യവകുപ്പുമേധാവിയായിരുന്ന ശൈഖ് അബ്ദുല്ലാ ഇബ്രാഹിം അൽ അൻസാരിക്ക് അകമ്പടിയായി വരാൻ നിയുക്തനാവുന്നു. സുഹൃത്തുക്കളൊന്നിച്ച് ദയാപുരം തുടങ്ങാൻ 8 വർഷം കഴിഞ്ഞ് തീരുമാനിച്ചപ്പോൾ ശൈഖ് അൻസാരിയുടെ പിന്തുണയും പ്രാർത്ഥനയും തേടാൻ തീരുമാനിച്ചത് ഇവർ തമ്മിൽ വളർന്ന ഗാഢബന്ധം കാരണമാണ്.



## സവിശേഷതകൾ

### വിവിധ വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അനാഥശാക്തീകരണം

1970 കളിൽ ''ലഭ്യമായിരുന്ന'' അനാഥസംരക്ഷണത്തിന്റെ മാതൃകയിൽനിന്നു വ്യത്യസ്തമാണ് ദയാപുരത്തിന്റെ രീതി: ഒന്ന്, വിദ്യാഭ്യാസത്തോടൊപ്പം ഭക്ഷണം, വസ്ത്രം, താമസം എന്നിവ അനാഥകൾക്കും മറ്റുള്ളവർക്കും വിവേചനരഹിതമായി നൽകുന്ന മാതൃക അന്ന് നടപ്പിലുണ്ടായിരുന്നില്ല. രണ്ട്, സാമുദായികാടിസ്ഥാനത്തിലായിരുന്നു അനാഥശാലകൾ പ്രവർത്തിച്ചു വന്നത്. അനാഥർക്ക് പ്രത്യേകതരം യൂനിഫോമും കെട്ടിടവും നൽകുന്ന സമ്പ്രദായം അവസാനിപ്പിച്ച് അനാഥശാലയെ ''അദൃശ്യമാക്കുകയും'' വരേണ്യർക്ക് മാത്രമായിരുന്ന ഇംഗ്ലീഷ് മീഡിയംവിദ്യാഭ്യാസം അനാഥർക്ക് നൽകുകയും ഒപ്പം എല്ലാ മതക്കാർക്കും പ്രവേശനം അനുവദിക്കുകയും ചെയ്തതിലൂടെ അനാഥസംരക്ഷണരംഗത്ത് ഒരു പുതിയ മാതൃക അവതരിപ്പിക്കാൻ ദയാപുരം ശ്രദ്ധിച്ചു. 2007 ൽ പാവപ്പെട്ട കുട്ടികളുടെ എണ്ണം കൂട്ടി പ്രവർത്തനമേഖല വിപുലീകരിക്കാനായി ''ദയാപുരം എഡ്യുക്കേഷണൽ അഡോപ്ഷൻ സ്കീം'' തുടങ്ങിയതിലൂടെ പ്രതിവർഷം 200 കുട്ടികളെ ഈ കേന്ദ്രം ഏറ്റെടുത്തു പഠിപ്പിച്ചുവരുന്നു.

### സാമ്പത്തികോന്നമനത്തെ സാമൂഹ്യപുരോഗതിക്കുപയോഗിക്കുന്ന ചാനൽ

ഗൾഫ് കുടിയേറ്റം മുഖേനയുണ്ടായ സാമ്പത്തകോന്നമനത്തെ വിശേഷിച്ചും മുസ്ലിം സമുദായത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യപുരോഗതിക്കുപയോഗിക്കാനുള്ള ഒരു കേന്ദ്രമായി ദയാപുരം പ്രവർത്തിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 130 കുട്ടികൾ സി.ബി.എസ്.ഇ പരീക്ഷയെഴുതിയ ദയാപുരം സ്കൂളിലെ ശരാശരി മാർക്ക് 82 ശതമാനമാണെന്നതും (കേരളത്തിലെത്തന്നെ മുസ്ലിം മാനേജ്മെന്റ് നടത്തുന്ന സി.ബി.എസ്.ഇ സ്കൂളുകളിൽ ഇത് ഒന്നാമതാണ്). എൻ.ഐ.ടി കളിലും മെഡിക്കൽ കോളേജുകളിലും ദൽഹി, ഹൈദരാബാദ് തുടങ്ങിയ സർവ്വകലാശാലകളിലും പല വിദേശരാജ്യങ്ങളിലും ഇവിടുത്തെ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നതും ഇതിന് തെളിവാണ്.



## വിദ്യാഭ്യാസ രംഗത്തെ പരീക്ഷണകേന്ദ്രം

ഓരോ കാലത്തും ഉയർന്നുവരുന്ന ഏറ്റവും മികച്ച വിദ്യാഭ്യാസ ചിന്തകളെ സ്ഥാപനവുമായി സമന്വയിപ്പിക്കാനും പുതിയ ആലോചനകൾ അവതരിപ്പിക്കാനുമുള്ള ഇടംകൂടിയാണ് ദയാപുരം. വിദ്യാർത്ഥികൾക്ക് വിദ്യാലയനടത്തിപ്പിൽ പങ്കാളിത്തം കൊണ്ടുവരുന്ന യൂത്ത് പാർലിമെന്റ് സംവിധാനം, സ്കൂളിൽതന്നെ ആർട്സ്, സ്പോർട്സ് സ്കൂളുകൾ ലഭ്യമാകുന്ന integrated schooling, സ്കൂൾ തലത്തിൽത്തന്നെ Programming പരിശീലനം തുടങ്ങിയവയാണ് ദയാപുരം ഏറ്റവുമവസാനം അവതരിപ്പിച്ച പദ്ധതികൾ.

## സ്വയം പര്യാപ്തമാവുന്ന സാമ്പത്തിക മാതൃക

ആദ്യകാലങ്ങളിൽ ഏതാനും ഉദാരമതികളെ ആശ്രയിച്ച ദയാപുരം പിന്നീട് സ്വയം പര്യാപ്തമായ സാമ്പത്തിക മാതൃക രൂപീകരിച്ചെടുക്കുകയായിരുന്നു: 90 ശതാമാനം വരുന്ന സമ്പന്നമധ്യവർഗ്ഗ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിൽനിന്ന് കിട്ടുന്ന മിച്ചം ഉപയോഗിച്ച് 10 ശതമാനം വരുന്ന നിർധനരുടെ വിദ്യാഭ്യാസ ജീവിതച്ചെലവുകൾ വഹിക്കുക. ആ അർത്ഥത്തിൽ സമ്പത്തിന്റെ പുനർവിതരണമെന്ന ലക്ഷ്യത്തിൽ ദയാപുരം അണിചേരുന്നു.

## ഒറ്റക്കുള്ള നിൽപ്പ്

ശക്തരായ രാഷ്ട്രീയമതസംഘടനകളുടെ പോഷകഘടകങ്ങളായി വർത്തിക്കുക എന്ന പല സ്ഥാപനങ്ങളുടെയും രീതിയോട് ദയാപുരം വിമർശനാത്മകമായ വീക്ഷണം പുലർത്തുന്നു. വിദ്യാഭ്യാസ സാംസ്ക്കാരിക പ്രവർത്തനം അധികാരശക്തികളുടെ ഇടപെടലുകളിൽനിന്ന് സ്വതന്ത്രമായിരിക്കണം എന്ന നിലപാടുള്ളതുകൊണ്ടുതന്നെ ഒറ്റക്കാണ് ഈ കേന്ദ്രത്തിന്റെ നിൽപ്പ്. സ്ഥാപനനടത്തിപ്പിൽനിന്ന് സാമൂഹ്യപുരോഗതിയല്ലാതെ മറ്റൊന്നും ഇച്ഛിക്കാത്ത നിസ്വാർത്ഥരും ദൗത്യബോധമുള്ളവരുമായ ഒരു കൂട്ടായ്മ എന്ന അംഗീകാരം സമൂഹം വകവെച്ചുനൽകുകവഴി ഈ നിലപാട് സ്ഥാപനത്തിന് ഗുണം മാത്രമേ ചെയ്തിട്ടുള്ളു.




## സാമുദായിക സൗഹാർദ്ദത്തിന്റെ വേദി

സമാധാനത്തിലും നീതിയിലും വിശ്വസിക്കുന്ന കേന്ദ്രമെന്ന നിലയ്ക്ക് എല്ലാ വിഭാഗങ്ങളിൽപെട്ടവരുടെയും വളർച്ചക്കുള്ള ഇടമായി ദയാപുരം സ്വയം കാണുന്നു. സമൂഹത്തിൽ സാമുദായിക വിഭാഗങ്ങൾക്കിടയിൽ വളരുന്ന ഭീതിയും അരക്ഷിതാവസ്ഥയും തിരിച്ചറിഞ്ഞുകൊണ്ട് വർഗ്ഗീയതയ്ക്കും ഫാഷിസത്തിനും തീവ്രവാദത്തിനുമെതിരെയുള്ള ബോധവൽക്കരണരംഗത്ത് 2006 മുതൽ ദയാപുരം സജീവമായി പ്രവർത്തിക്കുന്നു.

## ഗവേഷണബന്ധിതമായ മതപഠനവും അനുഷ്ഠാനവും

ആളുകൾക്ക് ധാർമ്മികമായ നിലപാടുകളെടുക്കാനുള്ള മൂല്യങ്ങളും നിർദ്ദേശങ്ങളുമാണ് ഏത് മതത്തിന്റെയും അടിസ്ഥാനം. അവയെ അവലംബിച്ച് പുതിയ സാമ്പത്തികസാമൂഹികസാങ്കേതികമാറ്റങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്നത് മതഗ്രന്ഥങ്ങളിലെ പ്രസക്തപാഠങ്ങളിലും ചരിത്രത്തിലും ഗവേഷണം നടത്തി മനസ്സിലാക്കേണ്ടതാണ്. ഇസ്ലാംമതത്തെ സംബന്ധിച്ച് ദയാപുരം അത്തരമൊരു ഗവേഷണസ്ഥലംകൂടിയാണ്. അമുസ്ലിംകൾക്കും സകാത്ത് നൽകേണ്ടതാണ്; അവയവദാനം ഇസ്ലാംമതവിശ്വാസമനുസരിച്ച് എങ്ങനെയാണ് ശരിയാവുന്നത്; വർഗ്ഗീയതയും തീവ്രവാദവും എന്തുകൊണ്ട് അനിസ്ലാമികമാവുന്നു തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ദയാപുരം നിർമ്മാണാത്മക ചിന്തയുടെ കേന്ദ്രമായി സ്വയം മനസ്സിലാക്കുന്നു.

രക്ഷിതാക്കളും സമാനചിന്താഗതിക്കാരും ഈ പ്രവർത്തനത്തിന്റെ ഭാഗമാവണമെന്ന് ദയാപുരം ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

AL ISLAM CHARITABLE TRUST OFFICE BEARERS

| Chairman | Vice Chairmen | Executive Secretary | Secretary |
|---|---|---|---|
| P.P Hyder Haji | C.T.Abdurahim (Donor & Patron, Dayapuram) | K.Kunhalavi | P.A. Abubakker |
| | C.P. Kunhumuhammad | | |